## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല, നീണ്ടകര ഗ്രാമപഞ്ചായത്തിലെ കേരള സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് 2009-2010 ഖണ്ഡിക 3.11 പ്രകാരമുള്ള ഓഡിറ്റ് തടസ്സത്തിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**സ.ഉ (സാധാ)നം. 2922/19/തസ്വഭവ.** **തിരുവനന്തപുരം, തീയതി: 23/12/2019**

---

**പരാമർശം:-** 1) പഞ്ചായത്ത് ഡയറക്ടറുടെ 06/08/2018 ലെ പി എ എൻ/21264/2018-എം 3 (ഡി പി) നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 20108/2019-ലെ ഡി. കെ.എസ്.എ/ 1369/19/പി റ്റി 1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ല, നീണ്ടകര ഗ്രാമപഞ്ചായത്തിലെ കേരള സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് 2009-2010 ഖണ്ഡിക 3.11 പ്രകാരം, ആശ്രയ ഭവനപദ്ധതിയുടെ ഗുണഭോക്താക്കളായി തിരഞ്ഞെടുക്കപ്പെട്ടവരിൽ 10 പേർക്ക് ഭവനനിർമ്മാണത്തിനായി 75,000/- രൂപ നിരക്കിൽ 7,50,000/- രൂപ വികസനഫണ്ടിൽ നിന്നും നൽകിയ പദ്ധതിക്ക് തടസ്സവാദം ഉന്നയിച്ചിരുന്നു. പദ്ധതി അടങ്കൽ തുകയായ 7,50,000/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് സി ഡി എസ് ചെയർപേഴ്സന്റെയും സി ഡി എസ് ചാർജ്ജ് ഓഫീസറുടെയും പേരിൽ നീണ്ടകര സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപിക്കുകയുണ്ടായി. പദ്ധതി സമയബന്ധിതമായി ആരംഭിക്കാതിരിക്കുകയും വർഷാവസാനം ചട്ടവിരുദ്ധമായി വികസന ഫണ്ട് ട്രഷറിയിൽ നിന്നും പിൻവലിച്ച് കുടുംബശ്രീ അഗതി പുനരധിവാസ ഫണ്ടിലേയ്ക്ക് മാറ്റി പദ്ധതി നടപ്പിലാക്കുകയുമുണ്ടായി. മാത്രമല്ല ഗുണഭോക്താക്കളെ വർഷങ്ങൾക്കു മുൻപ് തന്നെ തിരഞ്ഞെടുത്തിട്ടുള്ളതിനാലും വി ഇ ഒ മാത്രമാണ് അംഗീകരിക്കപ്പെട്ട പ്രോജക്ടിൽ പദ്ധതി നിർവ്വഹണാധികാരിയായി നിശ്ചയിക്കപ്പെട്ടിരുന്നത്. പദ്ധതി സമയബന്ധിതമായി ആരംഭിക്കാതെ വർഷാവസാനം പ്രോജക്ടിൽ വകയിരുത്തിയിരുന്ന വികസന ഫണ്ട് പ്രാദേശിക ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിച്ച വി ഇ ഒ യുടെ നടപടി കൃത്യവിലോപവും ചട്ടവിരുദ്ധവുമായതിനാലാണ് ഓഡിറ്റിൽ ടി തുക തടസ്സപ്പെടുത്തിയത്.

**2.** ആശ്രയ പദ്ധതിക്ക് അനുമതി ലഭിക്കാൻ കാലതാമസം നേരിട്ടതിനാലും നിർദ്ധനരും നിരാലംബരുമായ ആശ്രയ ഗുണഭോക്താക്കൾ കെട്ടിടം പണി ആരംഭിച്ചതിനാലുമാണ് വികസന ഫണ്ടിൽ നിന്നും തുക പിൻവലിച്ച് സി ഡി എസ് ചെയർപേഴ്സന്റെയും ചാർജ്ജ് ഓഫീസറായ വി ഇ ഒ യുടേയും പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചതെന്നും ടി തുക പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ടെന്നും 10 ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചതുകൊണ്ട് വികസനഫണ്ട് പ്രാദേശിക ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിച്ച നടപടി മൂലം സർക്കാരിനോ

പഞ്ചായത്തിനോ യാതൊരു വിധ നഷ്ടവും സംഭവിച്ചിട്ടില്ലെന്നും ആയതിനാൽ സദുദ്ദേശത്തോടുകൂടി ചെയ്ത ടി പ്രവർത്തി മൂലം സംഭവിച്ച ഓഡിറ്റ് തടസ്സത്തിന് സാധൂകരണം നൽകണമെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

**3.** നീണ്ടകര ഗ്രാമപഞ്ചായത്തിലെ ആശ്രയം ഭവനപദ്ധതിക്കായി വകയിരുത്തിയിരുന്ന 7,50,000/- രൂപ പിൻവലിച്ച് സി ഡി എസ് ചെയർപേഴ്സണിന്റെയും സി ഡി എസ് ചാർജ്ജ് ഓഫീസറുടേയും പേരിലുള്ള പ്രാദേശിക അക്കൗണ്ടിലേയ്ക്ക്മാറ്റി നിക്ഷേപിച്ച വി ഇ ഒ യുടെ നടപടിയ്ക്ക് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കുന്ന മുറയ്ക്ക് ടി തുകയിന്മേലുള്ള തടസ്സം ഒഴിവാക്കാവുന്നതാണെന്ന പരാമർശം 27/07/2017 ൽ പുറപ്പെടുവിച്ച കെ എസ് എ-കെ എൽ എം പി 2-2170/2017 നമ്പർ പുനരഭിപ്രായ കുറിപ്പിലും നിലനിൽക്കുന്നതായും പ്രസ്തുത ഖണ്ഡിക സർചാർജ്ജ് ശുപാർശ ചെയ്തിട്ടില്ലാത്തതും സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതുമാണ്.നീണ്ടകര ഗ്രാമപഞ്ചായത്തിന്റെ 17/11/2017 ലെ മീറ്റിംഗിലെ 11-ാം നമ്പർ തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 13/06/2018 ലെ യോഗത്തിലെ 2-ാം നമ്പരായിട്ടുള്ള അനുകൂല ശിപാർശ എന്നിവ പരിഗണിച്ച് സാധൂകരണം നൽകുന്ന വിഷയത്തിൽ വകുപ്പിന് എതിരഭിപ്രായം ഇല്ലെന്നും സർക്കാരിന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്നും പരാമർശം (2) പ്രകാരം ആഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**4.** മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ, ആഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ നീണ്ടകര ഗ്രാമപഞ്ചായത്തിലെ ആശ്രയം ഭവനപദ്ധതിക്കായി വകയിരുത്തി യിരുന്ന 7,50,000/- രൂപ (ഏഴ് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) പിൻവലിച്ച് സി ഡി എസ് ചെയർപേഴ്സണിന്റെയും സി ഡി എസ് ചാർജ്ജ് ഓഫീസറുടേയും പേരിലുള്ള പ്രാദേശിക അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിച്ച വി ഇ ഒ യുടെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ജെയ്സി പോൾ**
**അണ്ടർ സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
സെക്രട്ടറി, നീണ്ടകര ഗ്രാമ പഞ്ചായത്ത്. കൊല്ലം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**